പതിനാലാം കേരള നിയമസഭ

**ഏഴാം സമ്മേളനം**

***നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3364*** ***22.08.2017 ലെ മറുപടിക്ക്***

## *വിമാനയാത്രാക്കൂലിയിൽ വൻ വർദ്ധന*

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം : | ശ്രീ. പിണറായി വിജയൻ<br>**(മുഖ്യമന്ത്രി)** |
| (എ) അവധിക്കാലങ്ങളിലും മറ്റ് വിശേഷ ദിവസങ്ങളിലും വിദേശത്തുള്ള ഇന്ത്യാക്കാർ പ്രത്യേകിച്ചും ഗൾഫ് മലയാളികൾ നാട്ടിലേക്കും തിരികെ വിദേശത്തേക്കും പോകുന്ന അവസരങ്ങളിൽ വിമാനക്കമ്പനികൾ യാത്രാക്കൂലിയിൽ വൻ വർദ്ധന വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരം അമിത യാത്രാക്കൂലി ഈടാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ഇതിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;<br><br>(സി) ഇത്തരം സമയങ്ങളിൽ ഗൾഫ് മേഖലയിൽ നിന്നും കേരളത്തിലേക്ക് വരുന്ന വിമാനങ്ങളിൽമാത്രമാണ് വൻചാർജ്ജ് വർദ്ധനവ് എന്നും, ഇന്ത്യയിലെ മറ്റ് സ്ഥലങ്ങൾ വഴി (മുംബൈ, ഗോവ, ഹൈദ്രാബാദ്) കേരളത്തിൽ എത്തുന്നവർക്ക് ഈ അമിത ചാർജ്ജ് നൽകേണ്ടിവരുന്നില്ലയെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ഡി) എങ്കിൽ ഗൾഫ് മലയാളികൾ അനുഭവിക്കുന്ന ഈ ചൂഷണത്തിൽനിന്നും അവരെ രക്ഷിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി), (സി), & (ഡി) അമിത യാത്രാക്കൂലി ഈടാക്കുന്നത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്. ഗൾഫ് മേഖലയിൽനിന്നും കേരള-ത്തിലേക്ക് വരുന്ന വിമാനങ്ങളിൽ മാത്രമാണ് വൻചാർജ്ജ് വർദ്ധനവ് എന്നും, ഇന്ത്യയിലെ മറ്റ് സ്ഥലങ്ങൾ വഴി (മുംബൈ, ഗോവ, ഹൈദ്രാബാദ്) കേരളത്തിൽ എത്തുന്നവർക്ക് ഈ അമിത ചാർജ്ജ് നൽകേണ്ടിവരുന്നില്ലയെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അവധിക്കാലങ്ങളിലും മറ്റ് വിശേഷ ദിവസങ്ങളിലും വിമാനക്കമ്പനികൾ പ്രവാസികളിൽ നിന്നും ഉയർന്ന നിരക്കുകൾ ഈടാക്കുന്നു എന്നും ഇക്കാര്യത്തിൽ ഇടപെടണമെന്നും കേന്ദ്ര വ്യോമയാന മന്ത്രാലയ ത്തിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരുന്നു. എന്നാൽ വിമാന യാത്രാ നിരക്കുകൾ നിശ്ചയിക്കുന്നത് കേന്ദ്രവ്യോമയാന മന്ത്രാലയ മല്ലെന്നും, 1937 ലെ എയർക്രാഫ്റ്റ് ചട്ടങ്ങൾ പ്രകാരം സർവ്വീസിന്റെ പ്രത്യേകത, നടത്തിപ്പ്, ചെലവ്, |

മിതമായ ലാഭം, യാത്രക്കാരുടെ തിരക്ക് എന്നിവ പരിഗണിച്ച് യാത്രാനിരക്ക് നിശ്ചയിക്കുന്നതിന് വിമാന കമ്പനികൾക്ക് പൂർണ്ണ അധികാരമുണ്ടെന്നുമാണ് കേന്ദ്ര വ്യോമയാന മന്ത്രാലയം അറിയിച്ചിട്ടുള്ളത്. മാത്രവുമല്ല, ലോകത്തിലെ എല്ലാ വിമാനകമ്പനികളും യാത്രക്കാരുടെ തിരക്കിനനുസരിച്ചാണ് അവരുടെ വിമാന യാത്രാ നിരക്കുകൾ ക്രമീകരിച്ചിരിക്കുന്നത്. ആയതിനാൽ സംസ്ഥാന സർക്കാരിന് ഈ വിഷയത്തിൽ ഇടപെടുന്നതിന് പരിമിതികളുണ്ട്. എന്നിരുന്നാലും വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് കേന്ദ്രവ്യോമയാന മന്ത്രാലയവുമായും സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറലുമായും ബന്ധപ്പെട്ട് പ്രശ്നപരിഹാരത്തിന് സംസ്ഥാന സർക്കാർ ശ്രമിച്ചുവരുന്നുണ്ട്.

| | |
|---|---|
| (ഇ) കേരളത്തിൽ സ്വന്തമായി ഒരു വിമാനക്കമ്പനി സ്ഥാപിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്താണെന്ന് വിശദമാക്കാമോ ? | (ഇ) ഗൾഫ് മേഖലയിൽ ജോലിചെയ്യുന്ന മലയാളികളുടെ വിമാനയാത്ര ചെലവ് ചുരുക്കുന്നതിനും സുഗമമാക്കുന്നതിനും വേണ്ടിയാണ് 'എയർ കേരള' ഫെബ്രുവരി 2006 ൽ തുടങ്ങിയത്. എയർ കേരള ലിമിറ്റഡ് സിയാലിന്റെ ഒരു അനുബന്ധ കമ്പനിയാണ്. ഇത് സംബന്ധിച്ച് സിയാൽ വളരെ വിശദമായ ഒരു സാധ്യതാപഠനം നടത്തിയിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിന്റെ പുതിയ വ്യോമയാന നയപ്രകാരം രാജ്യാന്തര സർവ്വീസുകൾ ആരംഭിക്കുന്നതിന് 20 വിമാനങ്ങളോ, അല്ലെങ്കിൽ മൊത്തം സീറ്റുകളുടെ 20 ശതമാനമോ ആഭ്യന്തര സർവ്വീസുകൾക്കായി മാറ്റി വക്കേണ്ടതായിട്ടുണ്ട്. ആഭ്യന്തര മേഖലയിലുള്ള അഞ്ച് വർഷത്തെ വിമാന ഗതാഗത പരിചയം എന്ന |

പഴയ നിബന്ധന എടുത്തു കളഞ്ഞെങ്കിലും 20 വിമാനങ്ങൾ വേണമെന്ന നിബന്ധന നിലനിൽക്കുന്നത് എയർ കേരള പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് തടസ്സമാകുമെന്നതിനാൽ പദ്ധതി പുന:പരിശോധിക്കാൻ ശ്രമിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ.